# ബോറ്

എം. എൻ. കാരശ്ശേരി



ബോറ്

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Bored with lessons, a painting by August Heyn (1837–1920). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ബോറ്

ഒരു ലേഖനത്തിന് അതിൽ പ്രതിപാദിച്ചിരിക്കുന്ന വിഷയത്തിന്റെ സ്വഭാവം ഉണ്ടാകണമെന്നില്ല. ചിരിയെക്കുറിച്ചുള്ള ലേഖനം ചിരിപ്പിക്കണമെന്നില്ലല്ലോ. പക്ഷേ, ബോറിനെക്കുറിച്ചുള്ള ലേഖനം ബോറാകാം—എന്തിനും എളുപ്പത്തിൽ ബോറാകാം എന്നതുകൊണ്ടാണ്. അനന്തവിസ്തൃതമായ ഈ സാദ്ധ്യതയാണ് ബോറിന്റെ പ്രസക്തിക്കും ഈ ലേഖനത്തിനും കാരണം.

ലോകത്തിൽ ഏറ്റവും കൂടുതലുള്ളതെന്ത് എന്ന ചോദ്യത്തിന് ആലോചനയുടെ പിൻബലമുള്ള ഉത്തരം 'ബോറ്' എന്നായിരിക്കും. ലോകജനസംഖ്യയിലെ ഭൂരിപക്ഷത്തിനും ബോദ്ധ്യമില്ലാത്ത ലോകത്തിലെ ഒരു വാസ്തവം ഏതെന്ന ചോദ്യത്തിനും മറ്റൊരുത്തരമില്ല. അങ്ങനെ, ലോകത്തിൽ കൂടുതലുള്ളതും എന്നാൽ ലോകം ഏറ്റവും കുറച്ച് മനസ്സിലാക്കുന്നതുമായ അപൂർവ്വപ്രതിഭാസങ്ങളിൽ ഒന്ന് എന്ന ബഹുമതി ബോറ് കയ്യടക്കുന്നു.

പ്രപഞ്ചോല്പത്തിക്കുതന്നെ കാരണമായിട്ടുള്ളത് ബോറാണത്രെ. ബൃഹദാരണ്യകോപനിഷത്ത് പറയുന്നു: "ഏകാകീ ന രമതേ." പ്രപഞ്ചപുരുഷന്റെ ഏകാന്തതയുടെ വിരസത തീർക്കുവാൻ സൃഷ്ടി നടന്നുവത്രെ! കിർക്കെഗാർഡും പറഞ്ഞിട്ടുണ്ട്, ദൈവത്തിന്റെ ബോറു തീർക്കുവാൻ മനുഷ്യനും മനുഷ്യന്റെ ബോറു തീർക്കുവാൻ സ്ത്രീയും ഇരുവരുടേയും ബോറു തീർക്കുവാൻ കുടുംബവും ഉണ്ടായി എന്ന്.

ബോറിനെക്കുറിച്ച് എടുത്തുപറയേണ്ട കാര്യം ഇത്രേ: അവനവന്റെ വാക്കിലും പ്രവൃത്തിയിലുമുള്ള ബോറിനെക്കുറിച്ച് ഒരാൾ ബോധവാനാകുന്നതോടെ ബോറ് അയാളെ കൈയൊഴിക്കുന്നു. കൈകാര്യം ചെയ്യുന്ന സംഗതിയെപ്പറ്റി ബോധവാനാകുന്ന ഒരാൾക്ക് അതിൽ മിടുക്ക് പ്രകടിപ്പിക്കാനുള്ള സാധ്യത തെളിയുകയാണ് പതിവ്. ഇവിടെ അത് തല തിരിഞ്ഞ് കാണുന്നു.

ബോറിന്റെ മറ്റൊരു പ്രത്യേകത, ഇത്രയധികം വഴങ്ങുന്ന മറ്റൊരു വിഷയവും ഭൂലോകത്തിലില്ല എന്നതാണ്. ആർക്കും എളുപ്പത്തിൽ ഒന്നാംതരം ബോറനാകാം. ഏതവസരത്തിലും എന്തു ചെയ്തും ബോറു സൃഷ്ടിക്കുവാൻ കഴിയും. അതുപോലെ, ലോകത്തിലെ നല്ലതോ ചീത്തയോ ആയ എന്തു ദുഷിച്ചാലും അതു ബോറായിത്തീരും. ഉദാഹരണം വേണ്ടാത്ത വിധം അത്ര സാർവ്വകാലികവും സാർവജനീനവുമാണ് ഇപ്പറഞ്ഞ കാര്യം.

എന്താണ് ബോറ്?

കലയല്ലാത്തതെല്ലാം ബോറാണ്. കലയ്ക്കെതിരായ ഒന്നിന്റെ പേരാണ് ബോറ്. ബോറിന്നെതിരായ ഒന്നിന്റെ പേര് കലയും.

കലയ്ക്കെതിര് ബോറാണെന്നു പറയുമ്പോൾ ഒരെതിർചോദ്യം വരുന്നു: അപ്പോൾ ശാസ്ത്രമോ? ശാസ്ത്രം ബോറാണോ? അതോ കലയോ?

'മേഘസന്ദേശ'ത്തെക്കാൾ രസത്തിൽ 'പ്രിൻസിപ്പ്യാ മാത്തമറ്റിക്കാ' വായിക്കുന്ന ആൾ ചെയ്യുന്നത് അത്തരം ശാസ്ത്രവിഷയങ്ങളിലെ 'കല' കണ്ടെത്തുകയാണ്. അപ്പോൾ 'കല എന്ത്?' എന്ന പ്രശ്നം വരികയായി. കണ്ണ് പൊട്ടന്—വേണ്ട, വായിക്കാനും ആസ്വദിക്കാനും സാധിക്കാത്തവന്—'മേഘസന്ദേശ'വും ശാസ്ത്രഗ്രന്ഥങ്ങളും വെള്ളക്കടലാസും തുല്യമാണല്ലോ. അപ്പോൾ കല എന്ന പദം കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഇത്രമാത്രം: നമുക്ക് രസിക്കാൻ കഴിയുന്നത് നമുക്ക് കല. അല്ലാത്തത് കലേതരം. ആ കലേതരത്തെ നാം ബോറെന്നു വിളിക്കുന്നു.

കുട്ടികൃഷ്ണമാരാര് ചൂണ്ടിക്കാട്ടിയതുപോലെ, "ഏതു ശാസ്ത്രത്തിനുമുണ്ട് ഒരു സ്വാരസ്യം—അതതിനു മാത്രമുള്ള രസം, ഒരാസ്വാദ്യത, കവിത എന്നുതന്നെ പറയാം. ശാസ്ത്രങ്ങളിലെ ഈ കവിത പ്രഥമദൃഷ്ടിയിൽ തന്നെ ആസ്വദിക്കാവുന്നതല്ല, സ്വയം ചിന്തിച്ചും പരീക്ഷണം നടത്തിയും നോക്കിയാലേ കണ്ടുകിട്ടൂ."

രസിപ്പിക്കുകയാണ് കലയുടെ ധർമ്മങ്ങളിലൊന്ന് എന്ന് നിങ്ങൾ സമ്മതിച്ചുതരുമെങ്കിൽ ഇപ്പറഞ്ഞതിനോടൊന്നും യോജിക്കുവാൻ വിഷമമുണ്ടാവില്ല. ഒന്നിലെ കല എന്നത് അതിലെ രസികതയാണ്. ഒന്നിൽ കല കണ്ടെത്തുക എന്നതിന്ന് അതിൽ സാധാരണയിൽക്കവിഞ്ഞും രസിക്കാൻ കഴിയുക എന്നാണർത്ഥം. ഊണ് കലയാക്കി മാറ്റിയവൻ, ഉറക്കം കലയാക്കി മാറ്റിയവൻ തുടങ്ങിയ പ്രയോഗങ്ങളുടെ താല്പര്യവും അതാണ്.

കലയുടെ അടിസ്ഥാനം ഔചിത്യബോധമാണ്. ബോറിന്റെ അസ്തിവാരവും മറ്റൊന്നുമല്ല. ഔചിത്യചിന്തയുടെ കണികയില്ലാത്ത വാങ്മനക്കായങ്ങളുടെ വ്യാപാരമാണ് ഒന്നാംതരം ബോറുകളായി വിളികൊള്ളുന്നത്. ആനന്ദവർദ്ധനാചാര്യരുടെ ആ പ്രഖ്യാതവചനം ഇവിടെ ഓർമ്മിക്കുക:

"അനൗചിത്യാദൃതേ നാന്യദ്രസഭംഗസ്യകാരണം"

രസഭംഗത്തിന് ഏകകാരണം അനൗചിത്യമാണെങ്കിൽ, രസഭംഗവും ബോറും രണ്ടല്ലാത്തേടത്തോളം അതിന് വേറൊരു നിദാനമന്വേഷിക്കേണ്ട. കലയാകട്ടെ, അനൗചിത്യത്തിന്റെ സ്പർശമേൽക്കുന്നതോടെ തന്റെ ആജന്മശത്രുവായ ബോറിന്റെ രൂപം പ്രാപിച്ചു പോകുന്നു.

വെള്ളക്കാർക്കിടയിൽ പ്രചാരമുള്ള ബോറിന്റെ നിർവ്വചനങ്ങളിൽ ഒന്ന് ഇതാണ്: "നിങ്ങൾ അയാളോട് സമയം ചോദിക്കൂ, വാച്ചുണ്ടാക്കുന്നത് എങ്ങനെയെന്ന് അയാൾ പറഞ്ഞുതരും."

ബിയേഴ്സ് പറയുന്നു: "നാം പറയുന്നത് കേൾക്കണമെന്നാഗ്രഹിക്കുമ്പോൾ ഇങ്ങോട്ടു കേറിപ്പറയുന്നവനാണ് ബോറൻ."

ഇവയെല്ലാം മേൽപ്പറഞ്ഞ കാര്യത്തിലേക്ക് തന്നെ ചൂണ്ടുന്നു—അനൗചിത്യമാണ് ബോറ്.

ഒരാൾക്ക് ചോദിക്കാം: ഭ്രാന്ത് അനുചിതമായത് ചെയ്യിക്കുന്നില്ലേ? അത് ബോറടിക്കുന്നില്ലല്ലോ. മറിച്ച് കാണികളെ രസിപ്പിക്കുകയും ചെയ്യുന്നു?

ഭ്രാന്തന് ആ പ്രവൃത്തികൾ അനുചിതമല്ലെന്നോർക്കണം. അതൊട്ടും കൃത്രിമമല്ല. പ്രതീക്ഷിതവും സ്വാഭാവികവുമാണ് ആ ചേഷ്ടകൾ. ഭ്രാന്തൻ ചെയ്യുന്നത് ഭ്രാന്തില്ലാത്ത ആരെങ്കിലും ചെയ്താൽ അതു ബോറടിയാണല്ലോ.

കൃത്രിമത എന്നും ബോറാണ്. എഴുത്തിലും വാക്കിലും വെളിപ്പെടുന്ന കൃത്രിമത നമ്മെ എളുപ്പം ബോറടിപ്പിക്കുന്നു. ഉടുപ്പിലും നടപ്പിലും വെളിപ്പെടുന്ന ബോറിനെക്കുറിച്ച് ആളുകൾ സാധാരണ പുച്ഛിക്കുന്നത് കേൾക്കാം.

ആവർത്തനം കൊണ്ട് വളരെ എളുപ്പം ബോറുണ്ടാക്കാം. ഒന്നാംതരം ഫലിതം, ഒന്നാംതരം അനുഭവങ്ങൾ തുടങ്ങി എന്തും ആവർത്തിച്ച് ഒരാളെ മടുപ്പിക്കാം, ബോറടിപ്പിക്കാം.

ഇവിടെ സംശയിക്കാം: 'മേഘസന്ദേശം' പത്താമത് വായിക്കുന്നത് കലാസ്വാദനമല്ലേ, ബോറാണോ?

തീർച്ചയായും കലാസ്വാദനമാണ്. ഒമ്പതു വട്ടം വായിച്ചിട്ടും പൂർത്തിയാകാത്ത കലാസ്വാദനത്തിന്റെ തുടർച്ച. അല്ലാതെ ആവർത്തനമല്ല; അതുകൊണ്ട് തന്നെ ബോറുമല്ല.

ഇനി, കലയുമായി ബോറിനുള്ള ബന്ധത്തെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്:

**ഒന്ന്:** ഔചിത്യബോധം കൂടുന്നതോടെ ബോറ് കലയായിത്തീരുന്നു. മറിച്ച് അതു കുറയുന്നതോടെ കല ബോറായിത്തീരുന്നു.

**രണ്ട്:** ബോറിനെപ്പറ്റി ബോധവാനാകുന്നതോടെ ഒരാൾ ബോറനല്ലാതാകുന്നു. നേരിയ അംശത്തിലെങ്കിലും കലാകാരനാകുന്നു. കലാബോധത്തിന്റെ പരഭാഗം 'ബോറബോധ'മാണെന്നർത്ഥം.

**മൂന്ന്:** വെളിച്ചം വന്നപ്പോഴാണ് ഇരുട്ടുണ്ടായത് എന്നു പറഞ്ഞതുപോലെ, കലാകാരൻ വന്നതിനുശേഷമാണ് ബോറ് കണ്ടെടുക്കപ്പെട്ടത്.

**നാല്:** കലയ്ക്കു മുമ്പ് ബോറ് അനുഭവപ്പെട്ടിരുന്നില്ലെന്ന് പറയാമെങ്കിലും സത്യത്തിൽ ബോറാണ് കലക്കു ജന്മം നല്കിയത്. സംവിധാനവും തെരഞ്ഞെടുപ്പുമാണല്ലോ കല. സംവിധാനരാഹിത്യത്തിൽ നിന്നല്ലാതെ സംവിധാനമുണ്ടാവുമോ? അങ്ങനെ ബോറിന്നെതിരെ ഒറ്റപ്പെട്ട പ്രതിഭാശാലികൾ നടത്തിയ സമരങ്ങളെയാണ് നാം കലാരൂപങ്ങൾ എന്നു വിളിക്കുന്നത്.

**അഞ്ച്:** കലയുടെ അസംസ്കൃതവസ്തു തന്നെ ബോറാണ്. പ്രപഞ്ചത്തിന്റെ ഭൂരിഭാഗവും ബോറുകൊണ്ട് നിറയ്ക്കപ്പെട്ടിരിക്കുകയാണല്ലോ. ബോറുപയോഗിച്ച് അതിന്നെതിരായത് സൃഷ്ടിക്കുന്ന എന്നതിലാണ് കലയുടെ മഹത്വം. 'ജീവിതമെന്ന ബോറ്' എന്ന പേരിൽ തന്നെ ചെറിയാൻ കെ. ചെറിയാന്റെ ഒരു കവിതയുണ്ടെന്നോർക്കുക.

**ആറ്:** മനുഷ്യജീവിതത്തിൽ കല ചെയ്യുന്ന സേവനം ജീവിതം എന്ന ഈ ബോറ് സഹിക്കാൻ നമ്മെ ശക്തരാക്കുകയാണല്ലോ. അപ്പോൾ ബോറില്ലാതാകുന്നതൊടെ കലയ്ക്ക് ജീവിതത്തിലുള്ള പ്രസക്തിയില്ലാതാകുന്നു. അതുകൊണ്ട് കലയ്ക്കുവേണ്ടി വാദിക്കുന്നവർ ബോറിനുവേണ്ടികൂടിയാണ് വാദിക്കുന്നത്.

**ഏഴ്:** മനുഷ്യന്റെ 'ബോറ്ബോധ'ത്തിന് ദൈനംദിന ജീവിതത്തിൽ പ്രസക്തി പ്രായേണ കുറഞ്ഞു കാണുന്നു. അത്രമാത്രം കലാജീവിതത്തിൽ അതേറിയിരിക്കുന്നു. നിത്യജീവിതത്തിൽ ബോറിനോട് രാജിയാകുന്നതിന്റെ ഒരു ശതമാനം പോലും കലയിൽ നമുക്ക് സാധിക്കുകയില്ല.

**എട്ട്:** ലോകത്ത് കല വളരെ കുറഞ്ഞിരിക്കുന്നു. അതിനെക്കുറിച്ചുള്ള ബോധം അതിലും കുറഞ്ഞിരിക്കുന്നു. മറുവശത്ത് ബോറ് വളരെ കൂടിയിരിക്കുന്നു. അതിനെപ്പറ്റി കലാബോധത്തോളം പോലും ബോധമില്ല.

**ഒമ്പത്:** കലാബോധമില്ലാത്തവൻ കലാകാരൻ പോയിട്ട് കലാസ്വാദകൻ പോലുമാവില്ല. ബോറ് ബോധമില്ലാത്തവനേ ബോറനാകൂ.

**പത്ത്:** കലാവിമർശനത്തിലെ ഖണ്ഡനാത്മകത എന്നത് കലയിലെ ബോറിന്റെ അംശമന്വേഷിച്ചുള്ള പ്രയാണമാണ്. "ബോറാണ്" എന്നതിലധികം ഒരു വിമർശനമുണ്ടോ? ഒന്ന് അതിന്റെ വിപരീതത്തിന്റെ രൂപമാണ് എന്നതിലധികം എങ്ങനെയാണതിനെ വിമർശിക്കുക?

**പതിനൊന്ന്:** കല മനുഷ്യതയുടെ ഒരു സവിശേഷതയാണല്ലോ. ചിരിയും ചിന്തയുമൊന്നും മനുഷ്യേതരങ്ങൾക്കില്ലെന്ന് നാം പറയാറുണ്ട്. ആ പട്ടികയിൽ ബോറിനേയും ഉൾപ്പെടുത്തണം. ബോറടി മനുഷ്യന് മാത്രം അനുഭവപ്പെടുന്ന ഒന്നാണ്. മനുഷ്യനു മാത്രമേ അന്യനെ ബോറടിക്കാനും കഴിയൂ. വർഷങ്ങളായി ഒരിടത്തുതന്നെ നിന്നിട്ട് പ്ലാവിനോ ജന്മങ്ങളായി ഒരേ മാതിരി കുരച്ചിട്ട് പട്ടിക്കോ ഇത് വരെ സ്വയം ബോറടിച്ചിട്ടില്ല. അവ മനുഷ്യനെ ബോറടിച്ചിട്ടുമില്ല. അങ്ങേതല ദേഷ്യം പിടിപ്പിച്ചിരിക്കാം. ബോറടി അനുഭവപ്പെടുന്ന ഏക ജന്തു എന്നതുപോലെ ബോറടിക്കുന്ന ഏക ജന്തു എന്ന വിശേഷണവും മനുഷ്യനു ചേരും.

**പന്ത്രണ്ട്:** കലയ്ക്കു മാത്രമേ അനശ്വരതയുള്ളൂ; ബോറ് നശ്വരമാണ്. കാലാകാലങ്ങളിൽ മനുഷ്യൻ സൃഷ്ടിച്ചുവിട്ട ബോറെല്ലാം നിലനിന്നാലത്തെ ഭയങ്കരത ആർക്കു സങ്കല്പിക്കാം?

ഈ നൂറ്റാണ്ട് ബോറിനെക്കുറിച്ച് കൂടുതലായി ചിന്തിക്കുന്നുണ്ട് എന്ന് വിചാരിക്കണം. ഹിപ്പിയിസം ബോറിന്നെതിരായ ഒരു കലാപമാണ്. മതത്തിലും സംസ്കാരത്തിലും മറ്റു സാമൂഹ്യസ്ഥാപനങ്ങളിലും ഉള്ളടങ്ങിയ കല കണ്ടുകിട്ടാത്തതാണല്ലോ അവരുടെ പരാതികളിൽ ഒന്ന്. എല്ലാം അവർക്കു ബോറായിത്തോന്നുന്നു. അല്ലെങ്കിലും യുവത്വത്തിനാണ് ബോറിന്റെ ശല്യം കൂടുതലായി അനുഭവപ്പെടുക. വയസ്സാനാവുക എന്നതിന് എന്തും സഹിക്കാൻ പാകപ്പെടുക എന്നുകൂടി അർത്ഥമുണ്ടല്ലോ. അവർക്ക് പലപ്പോഴും ബോറ് എന്നൊന്നില്ല. അല്ല, അവർ അതിനോട് രാജിയായിക്കളയുന്നു.



കുമാരനാശാൻ

നൂറു ശതമാനം നേരും, എന്നാൽ തന്നെ മനുഷ്യൻ പറയാൻ മടിക്കുന്നതുമായ ചില കാര്യങ്ങളുണ്ട്. ഒരാളോടുള്ള സ്നേഹവും താല്പര്യവും ആദരവുമൊക്കെ നാലാള് കേൾക്കെ അയാളോടു തന്നെ എടുത്തുപറയുന്നതിലെ ബോറ് ഒന്നോർത്തു നോക്കൂ. ശുദ്ധസത്യവും ബോറായിത്തീരുമല്ലോ എന്ന് നടുങ്ങേണ്ട സമയം ഇതാകുന്നു.

ബോറിന്റെ ഈ ഘനാന്ധകാരത്തിലും ഒരു മിന്നാമിനുങ്ങുള്ളത് കാണാതെ വിട്ടുകൂടാ. കുമാരനാശാൻ നമ്മെ ആശ്വസിപ്പിക്കുകയുണ്ടായല്ലോ.

> "ഒരുവേള പഴക്കമേറിയാ-
> ലിരുളും മെല്ലെ വെളിച്ചമായ് വരാം;
> ശരിയായ് മധുരിച്ചിടാം സ്വയം
> പരിശീലിപ്പൊരു കയ്പുതാനുമേ"

ബോധപൂർവ്വം ബോറു പ്രയോഗിക്കുമ്പോൾ അതു കലയോടടുക്കുകയാണ്. സദസ്സിനെക്കുറിച്ച് ശരിയായ ബോധമുള്ള പ്രസംഗകൻ 'അവരെ ശിക്ഷിച്ചിട്ടു കാര്യം' എന്നുവെച്ച് പ്രസംഗം നീട്ടുന്നുവെന്ന് വിചാരിക്കൂ. അല്ലെങ്കിൽ ബോറടിക്കാനിരുന്നുകൊടുത്തേക്കാം എന്ന് സദസ്യർ സൗജന്യബുദ്ധിയാകുന്നത് സങ്കല്പിച്ചു നോക്കൂ. അവിടെയൊക്കെ ബോറുണ്ടെങ്കിലും അതിൽ അല്പം രസികതയും ഉണ്ട്. ചില പീറസിനിമകൾ കാണാൻ പോകുമ്പോൾ ആളുകൾ പറയാറില്ലേ, ബോറടിയിലും ഒരു രസമുണ്ടെന്ന്. ബോറിൽ പോലും കല കണ്ടെത്തുന്ന ഈ സൗജന്യബുദ്ധിയുടെ നിമിഷത്തിലായിരിക്കണം "ബോറിന്റെ സാന്ദ്രത ഒരു കലാരൂപമാണ്" എന്ന് സാർത്ര് പറഞ്ഞത്.


സാർത്ര്

ബോറിൽ നിന്നുള്ള രക്ഷാമാർഗ്ഗമെന്ത്? ഒന്ന് തീർച്ചയായും കലയാണ്. കലാസ്വാദനശേഷിയില്ലാത്തവൻ ഉറക്കം വഴി ബോറിൽ നിന്ന് രക്ഷപ്പെടുന്നു. കാവ്യശാസ്ത്രങ്ങളിൽ രമിക്കാൻ കഴിയുന്നവരേയും ഉറങ്ങി കാലം കളയുന്നവരേയും ഭാമഹൻ രണ്ടു ചേരിയായിക്കണ്ടതിന് ഈ തലത്തിൽ കൂടി അർത്ഥമുണ്ടാകാവുന്നതല്ലേ എന്നാലോചിക്കേണ്ടതുണ്ട്.

ബോറിനു തുല്യമായി ഒരു മലയാളപദം ഇല്ല എന്നതും ആലോചിക്കേണ്ടതു തന്നെ. വിരസത, മുഷിവ് തുടങ്ങിയ നമ്മുടെ വാക്കുകൾ 'ബോറ്' എന്ന വാക്കിനു മുന്നിൽ ഒന്നുമല്ല. ഒരു സമാധാനമേയുള്ളൂ: ബോറ് പ്രഹരസമാനമാണെന്ന് കണ്ട് നാം 'ബോറടി' എന്നൊരു സമസ്തപദം സൃഷ്ടിച്ചിട്ടുണ്ടല്ലോ!

അവസാനമായി വേദവ്യാസനെ അനുകരിച്ച് ഒരു കാര്യം പറയട്ടെ: "അവനവന് ബോറ് എന്ന് തോന്നുന്നതെന്തോ അത് പരനിൽ (അന്യനിൽ, ശത്രുവിൽ) അണയ്ക്കരുത്. ഇത്രയുമാണ് ചുരുക്കത്തിൽ ധർമ്മം. ശേഷമെല്ലാം ഇഷ്ടംപോലെ."

ഈ ലേഖനം ഇപ്പോൾ തുടക്കത്തിലേക്ക് തന്നെ തിരിച്ചു ചെല്ലുന്നു: ബോറിനെക്കുറിച്ചെഴുതിയാൽ ബോറാകുമോ?

ഏതായാലും ഒന്ന് പറയാം: ഈ ലേഖനത്തിലെ ബോറിന്റെ അംശങ്ങൾ കണ്ടെത്തുക വഴി ഓരോ വായനക്കാരനും ലേഖകന്റെ വിജയത്തെത്തന്നെയാണ് ഉദാഹരിക്കുന്നത്.

വീക്ഷണം വാർഷികപ്പതിപ്പ്, 1976.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്‌യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014